**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **null**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡി.എം.ഇ.യിൽ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ നിലവിലെ അവസ്ഥ എന്താണെന്നും ലിസ്റ്റിൽ നിന്നും എത്ര ഫാർമസിസ്റ്റ് ഗ്രേഡ് II നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെയും വിശദവിവരം നൽകുമോ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 67 നിയമനങ്ങൾ നടന്നിട്ടുണ്ട്. |
| (ബി) | ഡി.എം.ഇ.യ്ക്ക് കീഴിൽ ഫാർമസിസ്റ്റ് ഗ്രേഡ് I , ഫാർമസിസ്റ്റ് ഗ്രേഡ് II എന്നിവയുടെ എത്ര തസ്തികകൾ നിലവിലുണ്ട്; പ്രസ്തുത തസ്തികകളുടെ സ്റ്റാഫ് പാറ്റേൺ എന്നാണ് നിലവിൽ വന്നത് ; ഇത് പുതുക്കി നിശ്ചയിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഫാർമസിസ്റ്റ് ഗ്രേഡ് I, ഫാർമസിസ്റ്റ് ഗ്രേഡ് II എന്നിവയുടെ 179 തസ്തികകളാണ് നിലവിലുള്ളത്. 25.07.2017-ലെ സ.ഉ.(കൈ)നം.346/2017/(68)/ ധന പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ് I, ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളുടെ സ്റ്റാഫ് പാറ്റേൺ 1 : 1 അനുപാതത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട് |
| (സി) | ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സ:ഉ (കൈ) നം. 52/2021 dated 17/02/2021 ഉത്തരവ് പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഫാർമസിസ്റ്റ് തസ്തികകളാണ് സൃഷ്ടിച്ചതെന്ന് അറിയിക്കുമോ; | (സി) | 17.02.2021 ലെ സ.ഉ (കൈ) നം.52/2021/ ആ.കു.വ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിൽ വിവിധ വിഭാഗങ്ങളിലായി 1200 തസ്തികകൾ സൃഷ്ടിക്കാൻ തത്വത്തിൽ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 22.09.2021 ലെ സ.ഉ.(കൈ) നം.168/2021/ആ.കു.വ പ്രകാരം 52 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഉത്തരവ് പ്രകാരം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നുമുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | 17.02.2021 ലെ സ.ഉ (കൈ) നം.52/2021/ ആ.കു.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ബി3/38/2021/ ആ.കു.വ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ